ക്ലാസ്സ് 6

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2024-25

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പേര്, വീട്ടുപേര് :

പാർട്ട് 1

താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ ആരോടാണ് പറഞ്ഞതെന്ന് എഴുതുക. 5×1=5

1. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടു കൂടെ."

2. "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും."

3. "ഇന്ന് കോഴി കൂവുന്നതിന് മുമ്പ് മൂന്ന് പ്രാവശ്യം നീ എന്നെ നിഷേധിക്കും."

4. "ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിറുത്തുക, സർപ്പദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല."

5. "എന്റെ രാജ്യം ഐഹികമല്ല, ആയിരുന്നെങ്കിൽ ഞാൻ യഹൂദർക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു."

'എ' കോളത്തിന് അനുയോജ്യമായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് 'ബി' കോളത്തിൽ എഴുതുക. 5×1=5

(ദനഹ, വിഭൂതി, ഏൽപ്പയ്യാ, എ.ഡി., പെസഹാവ്യാഴം)

	എ	ബി
6.	ദൈവം പ്രകാശമാകുന്നു	
7.	കർത്താവിന്റെ വർഷം	
8.	വി. കുർബാനയുടെ സ്ഥാപനം	
9.	ജനുവരി 6	
10.	അനുതാപ ശുശ്രൂഷ	

ശരിയായ ഉത്തരം തെരഞ്ഞെടുത്ത് കോളത്തിലെഴുതുക. 5×1=5

(പരിശുദ്ധ ത്രിത്വരഹസ്യം, ആത്മാവിൽ ദരിദ്രർ, ബാലാം, യോഹന്നാൻ ശ്ലീഹ, ദൈവരാജ്യം)

11. യാക്കോബിൽനിന്നൊരു നക്ഷത്രം ഉദിക്കും ഇസ്രായേലിൽ നിന്നൊരു ചെങ്കോലുയരും. ആരുടെ പ്രവചനമാണ്?

12. നമ്മുടെ വിശ്വാസത്തിന്റേയും ജീവിതത്തിന്റേയും കേന്ദ്രമാണ്

13. പീഢാനുഭവ പ്രവചനങ്ങൾ ഉപമയിലൂടെ അവതരിപ്പിച്ച ശ്ലീഹ.

14. "ദൈവത്തെ പിതാവായും മനുഷ്യവംശത്തെ മുഴുവൻ സഹോദരങ്ങളായും കണ്ട് സ്നേഹിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുന്ന അവസ്ഥയാണ്."

15. ഭൗതികതയിലും സമ്പത്തിലും ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പൂർണ്ണമായും ആശ്രയിക്കുന്നവരാണ്

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. **7×2=14**

16. ജ്ഞാനികൾ ഈശോയ്ക്ക് സമർപ്പിച്ച പൊന്ന്, മീറ, കുന്തുരുക്കം എന്തിനെ സൂചിപ്പിക്കുന്നു?

പൊന്ന്	ഈശോയുടെ രാജത്വം
മീറ	
കുന്തുരുക്കം	

17. വി. കുർബാനയിൽ ഉത്ഥാനഗീതം ആലപിക്കുമ്പോൾ നാം എന്തെല്ലാം അനുസ്മരിക്കുന്നു?

18. സഹനദാസനെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ ഈശോ തന്നിൽ പൂർത്തിയാക്കിയത് എങ്ങനെ?

19. ലാസർ രോഗിയാണെന്നറിഞ്ഞിട്ടും ഈശോ ബഥാനിയായിലേക്ക് പോകുവാൻ താമസിച്ചതെന്തുകൊണ്ട്?

20. നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലെ സന്ദേശമെന്ത്?

21. ഇസ്രായേൽ ജനത്തിന്റെ മരുഭൂമിയാത്രയിൽ ദൈവം എങ്ങനെയെല്ലാമാണ് അവരെ പരിപാലിച്ചത്?

22. ദുഃഖവെള്ളി ആചരണത്തിന്റെ ഭാഗമായ ഏതെങ്കിലും രണ്ട് അനുഷ്ഠാനങ്ങൾ എഴുതുക.

23 മുതൽ 27 വരെയുള്ള ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **4×4=16**

23. കർത്താവിന് സ്വീകാര്യമായ വത്സരം എങ്ങനെയുള്ളതായിരുന്നു?

24. ഈശോയെക്കുറിച്ച് സ്നാപകയോഹന്നാൻ നൽകിയ സാക്ഷ്യം എന്തായിരുന്നു?

25. നഷ്ടപ്പെടുത്തിയ സൗഭാഗ്യങ്ങളെ ഓർമ്മിച്ചുകൊണ്ട് ധൂർത്തപുത്രൻ പിതാവിനെഴുതുന്ന ഒരു കത്ത് തയ്യാറാക്കുക?

26. പടയാളികൾ പീലാത്തോസിന്റെ കൊട്ടാര അങ്കണത്തിൽ വച്ച് ഈശോയെ എങ്ങനെയെല്ലാമാണ് പരിഹസിച്ചത്?

27. ബേത്സഥായിലെ തളർവാതരോഗി സുഖപ്പെട്ടതിനുശേഷം ഈശോയ്ക്ക് നന്ദി അർപ്പിച്ചുകൊണ്ട് എഴുതുന്ന ഒരു പ്രാർത്ഥന തയ്യാറാക്കുക.

ഉത്തരമെഴുതുക. 1×5=5

28. മംഗളവാർത്താക്കാലത്ത് നാം അനുസ്മരിക്കുന്ന ഏതെങ്കിലും അഞ്ച് രക്ഷാകര സംഭവങ്ങൾ എഴുതുക.

ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. **1×10=10**

29. ഏതെല്ലാം കാര്യങ്ങൾക്കാണ് ഈശോ പ്രലോഭിക്കപ്പെട്ടത്? ഏതെല്ലാം ദൈവവചനം ഉപയോഗിച്ചാണ് ഈശോ ഇവയെ നേരിട്ട് ജയിച്ചത്? പ്രലോഭകനായ പിശാചിനെ തോൽപിക്കാൻ ഈശോയ്ക്ക് സാധിച്ചതെന്തുകൊണ്ട്?

അല്ലെങ്കിൽ

സീറോ മലബാർ സഭയിലെ നോമ്പുകൾ ഏതെല്ലാം? നോമ്പ്, ഉപവാസം എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക.

പാർട്ട് 2

ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക. **6×1=6**

(വി. യൂദാതദേവൂസ്, യോഹന്നാൻ 23, വി. ബർണാർദ്, വി. ജോൺ മരിയ വിയാനി, വി. മാർട്ടിൻ ഡി പോറസ്, വി. കുർബാന)

1. ഇടവക വൈദികരുടെ മദ്ധ്യസ്ഥൻ _____

2. അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥൻ _____

3. എത്രയും ദയയുള്ള മാതാവേ എന്ന ജപം രചിച്ച പുണ്യവാൻ

_____

4. വി. മാർട്ടിന്റെ അനുദിന ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു

_____

5. വി. മാർട്ടിൻ ഡി പോറസിനെ വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തിയ മാർപാപ്പ

_____

6. കറുത്ത പുണ്യവാൻ എന്നറിയപ്പെടുന്ന വിശുദ്ധൻ _____

7. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും എഴുതി പട്ടിക പൂർത്തിയാക്കുക. 7×1=7

1	നിഗളം	
2	ദ്രവ്യാഗ്രഹം	
3		അടക്കം
4		ക്ഷമ
5	കൊതി	
6		ഉപവി
7	മടി	

8. വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (1-12)നിങ്ങൾ സ്വന്തമാക്കിയ ഏതെങ്കിലും ഒരു വചനം എഴുതുക? 3

9. വി. മദർ തെരേസയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ നിങ്ങളെ സ്പർശിച്ച ഏതെങ്കിലും ഒരു സംഭവം എഴുതുക. 4